(സി) സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ തെങ്ങുകൾ കൂട്ടമായി എടുത്ത് ചെത്തുന്നതിന് അനുമതി നല്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ചിറ്റൂർ റേഞ്ചിൽ ഇത്തരത്തിൽ വൃക്ഷത്തോട്ടങ്ങൾ എടുത്ത് തെങ്ങുകൾ കൂട്ടമായി ചെത്തി വരുന്നുണ്ട്.

(ഡി) എക്സൈസ് മാനുവൽ പ്രകാരവും, കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾ, 2002-ലെ റൂൾ 9 (2) പ്രകാരവും കള്ളിൽ അനുവദനീയമായ ആൾക്കഹോളിന്റെ അളവ് 8.1 v/v വരെ മാത്രമേ ആകാവൂ എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

(ഇ) തീരുമാനിച്ചിട്ടില്ല.

(എഫ്) പരിഗണനയിലില്ല.

(ജി) നടപടികൾ സ്വീകരിക്കുന്നുണ്ട്.

മഞ്ചേശ്വരം ചെക്ക്പോസ്റ്റുകളിൽ നിന്ന് എക്സൈസ് അധികൃതർ പിടികൂടിയ അനധികൃത വിദേശ മദ്യത്തിന്റെ അളവ്

36 (4075) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷക്കാലം കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ചെക്ക് പോസ്റ്റുകളിൽ നിന്ന് എക്സൈസ് അധികൃതർ പിടികൂടിയ അനധികൃത വിദേശമദ്യത്തിന്റെ അളവ് വെളിപ്പെടുത്തുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) കേരളത്തിനു പുറത്തുനിന്നും അനധികൃത വിദേശ മദ്യത്തിന്റെ വരവ് തടയാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1-4-2001 മുതൽ 31-3-2003 വരെ എക്സൈസ് വകുപ്പ് 14708.700 ലിറ്റർ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം പിടികൂടിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് 7 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും ആവശ്യത്തിന് സ്റ്റാഫിനെ നിയമിച്ചു വാഹന പരിശോധന കർശനമാക്കിയതിനുപുറമേ പ്രധാനപ്പെട്ട റോഡുകളിലും, സംശയാസ്പദമായ സ്ഥലങ്ങളിലും, അതിർത്തി പ്രദേശങ്ങളിലും, രാപകൽ ഭേദമെന്യേ വാഹന പരിശോധന കർശനമായി നടത്തി വരുന്നുണ്ട്.

എക്സൈസ് വകുപ്പിലെ തസ്തികകൾ

37 (4076) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര എക്സൈസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly